## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2385 05.11.2019-ലെ മറുപടിക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

**ചോദ്യം**

**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും |

| | | |
|---|---|---|
| | | ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധന നയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. |
| (ബി) | ജി.എസ്.ടി.യിൽ നിന്ന് പ്രതീക്ഷിച്ച വരുമാനമില്ലാത്തതും ജി.എസ്.ടി.ക്ക് പുറത്തുള്ള മദ്യം, പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി വരുമാനം ഗണ്യമായി കുറഞ്ഞതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | സംസ്ഥാനത്ത് ജി.എസ്.ടി. യിൽ നിന്നും 37 ശതമാനം വർദ്ധനവ് 2019-20 സാമ്പത്തിക വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 30.09.2019 വരെയുള്ള കണക്കനുസരിച്ച് 6 ശതമാനം വളർച്ച മാത്രമേ കൈവരിക്കാൻ സാധിച്ചിട്ടുള്ളൂ. മദ്യത്തിൽ നിന്നുള്ള വരുമാനത്തിൽ നടപ്പ് സാമ്പത്തിക വർഷം 30.09.2019 വരെ 5 ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്. പെട്രോൾ, ഡീസൽ എന്നിവയുടെ നികുതി വരുമാനത്തിലും പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. 30.09.2019 ലെ കണക്കനുസരിച്ച് പെട്രോളിൽ നിന്നും 5 ശതമാനം വർദ്ധനവും ഡീസലിൽ നിന്ന് 3 ശതമാനം വർദ്ധനവും മാത്രമേ ഉണ്ടായിട്ടുള്ളൂ. അതേസമയം സംസ്ഥാന എക്സൈസിൽ നിന്നുള്ള വരുമാനത്തിൽ 2018-19 ൽ മുൻവർഷത്തെ അപേക്ഷിച്ച് 280.98 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം 30.09.2019 വരെയുള്ള കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 82.23 കോടി രൂപയുടെ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടാകാത്തതും ഇടിവ് രേഖപ്പെടുത്തിയതും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്രം കുറവ് വരുത്തിയതും അനാവശ്യ ചെലവുകൾ കാര്യമായി നിയന്ത്രിക്കാനാകാത്തതും സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നുണ്ടോ; എങ്കിൽ വാർഷിക പദ്ധതി പുന:ക്രമീകരിക്കുമോ; വിശദമാക്കാമോ? | കടമെടുപ്പിന് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും തുടർച്ചയായുണ്ടായ പ്രകൃതിക്ഷോഭങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഏൽപ്പിച്ചിട്ടുള്ള അഘാതത്തിന്റെയും പശ്ചാത്തലത്തിൽ, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി ചെലവുകൾ പരമാവധി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ